(ബി) നിലവിലുള്ള ട്രാൻഫോർമറുകളുടെ കപ്പാസിറ്റി കൂട്ടിയും, സിംഗിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകൾ ആയി കൺവർട്ട് ചെയ്തും, 11 കെ. വി. ലൈൻ വലിച്ച് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും, കപ്പാസിറ്ററുകൾ സ്ഥാപിച്ചും, വോൾട്ടേജ് ക്ഷാമം പരിഹരിച്ചു വരുന്നുണ്ട്.

(സി) ഉപഭോഗവും, ട്രാൻഫോർമറിന്റെ കറണ്ട് ക്യാരിയിംഗ് കപ്പാസിറ്റിയും അനുസരിച്ച് എണ്ണം വ്യത്യാസമാവുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം ജനിപ്പിക്കുവാൻ പദ്ധതി

5 [3349] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനവും പരിസ്ഥിതി പ്രവർത്തനവും നടത്തുന്ന സംഘടനകളെ സംയോജിപ്പിച്ചു കൊണ്ട് ഊർജ്ജ സംരക്ഷണ അവബോധം ജനങ്ങളിൽ ജനിപ്പിക്കുവാൻ കഴിയുന്ന എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്ത് ഗാർഹിക മേഖലയിലും വ്യാവസായിക മേഖലയിലും ഊർജ്ജ സംരക്ഷണം പ്രാവർത്തികമാക്കുവാൻ വേണ്ടി എനർജി മാനേജ്മെന്റ് സെന്റർ വിവിധ സംഘടനകളെ സംയോജിപ്പിച്ചുകൊണ്ട് പരിപാടികൾ നടത്താറുണ്ട്.

ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന 'ഊർജ്ജ ക്ലിനിക്' പരിപാടിയിൽ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലായി പരിസ്ഥിതി പ്രവർത്തനം നടത്തുന്നതും അല്ലാത്തതുമായ നിരവധി സംഘടനകളുമായി ചേർന്ന് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിച്ചു വരുന്നുണ്ട്.

സർക്കാർ സ്ഥാപനങ്ങളിലെ ഊർജ്ജ ലാഭം ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന പരിപാടിയായ 'ശ്രദ്ധ'-യുടെ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പ്രവർത്തനങ്ങൾ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ പ്രകൃതി സംഘടനയായ ഗ്രീൻസുമായി ചേർന്നു നടത്തുന്നുണ്ട്.

വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തുന്നതിനായി എനർജി കൺസർവേഷൻ സൊസൈറ്റിയുമായി ചേർന്ന് വിദ്യാലയങ്ങളിൽ ഊർജ്ജ-പരിസ്ഥിതി ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

വ്യവസായങ്ങളിൽ മാലിന്യമുക്ത ഉൽപ്പാദന സങ്കേതങ്ങൾ ഉപയോഗിച്ച് ഊർജ്ജ ക്ഷമത കൈവരിക്കാനും ഊർജ്ജ ലാഭം നേടാനുമായി അഹമ്മദാബാദിലെ സെന്റർ ഫോർ എൻവയോൺമെന്റൽ പ്ലാനിംഗ് ആന്റ് ടെക്നോളജിയുമായി ചേർന്ന് പ്രവർത്തിച്ചു വരുന്നുണ്ട്.

കെട്ടിടങ്ങളിൽ ഊർജ്ജ ലാഭം സാധ്യമാക്കുന്ന 'ഹരിതഗൃഹം' എന്ന ആശയം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന വേൾഡ് ഗ്രീൻ കൗൺസിലുമായി ചേർന്ന് പ്രചാരണ പരിപാടികൾ നടത്തിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly